**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1787** **04-02-2026 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽ ദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പാലാ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ട്രേഡ് ഇൻസ്പെക്ടർ തസ്തികയിൽ സേവനത്തിലിരിക്കെ മരണപ്പെട്ട അബി.കെ.അലിയാരുടെ ഭാര്യ ശ്രീമതി. ജാസ്മോൾ എ.എം.- ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രീമതി.ജാസ്മോൾ എ. എം- ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനാനുമതി നൽകി 26.02.2024 ലെ സ.ഉ.(കൈ) നം.126/2024/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ ആശ്രിത നിയമനം അനുവദനീയമായ തസ്തികയിൽ ഉണ്ടായ ഒഴിവിന്റെ 5% ഒഴിവിനേക്കാൾ കൂടുതൽ ആയതിനാൽ അനുപാതം അധികരിച്ചതായി കണ്ടെത്തിയ നിയമനങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.<br><br>29.03.2025 ലെ സ.ഉ.(കൈ) നം.4/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ ഉത്തരവ് തീയതി മുതൽ ഓരോ 16-ാമത്തെ ഒഴിവും ആശ്രിത നിയമനം വഴി നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>5% എന്ന അനുപാതം അധികരിച്ചതായി കണ്ടെത്തിയ നിയമനങ്ങൾ ക്രമീകരിച്ച ശേഷം 29.03.2025 ലെ സ.ഉ.(കൈ) നം.4/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കൂടി പാലിച്ച് ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ തീയതിയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ശ്രീമതി.ജാസ്മോൾ എ. എം-ന് നിയമനം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രീമതി.ജാസ്മോൾ എ. എം- ന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനാനുമതി നൽകി 26.02.2024 ലെ സ.ഉ.(കൈ) നം.126/2024/ഉ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നടത്തിയ ആശ്രിത നിയമനം അനുവദനീയമായ തസ്തികയിൽ ഉണ്ടായ ഒഴിവിന്റെ 5% ഒഴിവിനേക്കാൾ കൂടുതൽ ആയതിനാൽ അനുപാതം അധികരിച്ചതായി കണ്ടെത്തിയ നിയമനങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്.<br><br>29.03.2025 ലെ സ.ഉ.(കൈ) നം.4/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളിൽ ഉത്തരവ് തീയതി മുതൽ ഓരോ 16-ാമത്തെ ഒഴിവും ആശ്രിത നിയമനം വഴി നികത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>5% എന്ന അനുപാതം അധികരിച്ചതായി കണ്ടെത്തിയ നിയമനങ്ങൾ ക്രമീകരിച്ച ശേഷം 29.03.2025 ലെ സ.ഉ.(കൈ) നം.4/2025/ഉ.ഭ.പ.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ കൂടി പാലിച്ച് ക്ലർക്ക് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ തീയതിയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ശ്രീമതി.ജാസ്മോൾ എ. എം-ന് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ